**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.822.** **27.04.2017 ൽ മറുപടിയ്ക്ക്**

**വർദ്ധിച്ചുവരുന്ന മയക്കുമരുന്നുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ബാറുകൾ, ബെവ്കോ ഔട്ട് ലെറ്റുകൾ എന്നിവ അടച്ചുപൂട്ടിയ സാഹചര്യത്തിൽ, സ്കൂളുകളിലും കോളേജുകളിലും മയക്കുമരുന്ന് ലഹരിയുടെ ഉപയോഗം വർദ്ധിച്ചു വരുന്നതായിട്ടുള്ള മാധ്യമവാർത്ത കൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വിദ്യാർത്ഥികളിൽ വ്യാപകമായ തോതിൽ വർദ്ധിച്ചുവരുന്ന മയക്കു മരുന്ന് ഉപയോഗം തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; പ്രസ്തുത നടപടികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; കൂടുതൽ ശക്തമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുമോ? | (ബി) | വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വൈവിദ്ധ്യമാർന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. സ്കൂൾ/ കോളേജ് കാമ്പസുകളുടെ 100 വാര പരിധി യ്ക്കുള്ളിൽ "കോട്പാ"നിയമപ്രകാരം പുക യില ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോ ഗവും പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. മദ്യ വർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കു മരുന്നുകളുടെയും മറ്റ് ലഹരികളുടെയും ഉപ ഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സ്കൂൾ/കോളേജുകളിൽ ലഹരിക്കെ തിരെ പ്രവർത്തിക്കുന്നതിനുവേണ്ടി സംസ്ഥാന |

| | | | |
|---|---|---|---|
| | | | തലത്തിൽ 2542 ലഹരി വിരുദ്ധ ക്ളബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ തന്നെ ലഹരി വസ്തുക്കളുടെ വിൽപ്പനയും ഉപയോഗത്തിനെതിരെയുമുള്ള പരാതികളും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് സ്കൂൾ/കോളേജ് കാമ്പസുകളിൽ 1400-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. 2014-15, 2015-16, 2016-17 എന്നീ അദ്ധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ളാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ലഹരി വിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിൽ ഉൾപ്പെടുത്തുവാൻ വേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മികച്ച ലഹരി വിരുദ്ധക്ലബ്ബ്, ക്ലബ്ബ് അംഗം, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച മാഗസിൻ, മാഗസിനിലെ സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും നൽകി വരുന്നുണ്ട്. വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനായി ഇത്തരത്തിൽ ശക്തമായ ബോധവത്ക്കരണ നടപടികൾ നിലവിൽ സ്വീകരിച്ച വരുന്നുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**